## മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം

## തിരുവനന്തപുരം

നമ്പർ ബി6/1921/2015/ഡി.എം.ഇ  തീയതി : 01/ 09/2015

### വിജ്ഞാപനം

സംസ്ഥാനത്തെ സർക്കാർ നഴ്സിംഗ് കോളേജുകളിലേക്കും അംഗീകാരമുള്ള സ്വാശ്രയ നഴ്സിംഗ് കോളേജുകളിലേക്കും 2015 പി.ജി.നഴ്സിംഗ് (എം.എസ്.സി. നഴ്സിംഗ്) കോഴ്സിലേക്കുള്ള അലോട്ട്മെന്റ് തിരുവനന്തപുരം മെഡിക്കൽ കോളേജ് ക്യാമ്പസിലുള്ള പഴയ ഓഡിറേറാറിയത്തിൽ വച്ച് സെപ്ററംബർ 14, 15, 16 തീയതികളിൽ താഴെപ്പറയും പ്രകാരം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. വിവിധ സംവരണ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ളവരും ജനറൽ റാങ്ക് ലിസ്റ്റിൽ ഉള്ളവരും ചുവടെ പറയുന്ന അതാത് ദിവസത്തെ കൗൺസലിംഗിൽ ഹാജരാകേണ്ടതാണ്.

| തീയതി | സമയം | റാങ്ക് വിവരം |
|---|---|---|
| 14.9.2015 | രാവിലെ 10 മണിമുതൽ ഉച്ചയ്ക്ക് 1 മണിവരെ | റാങ്ക് 1 മുതൽ 75 വരെയും സർവീസ് ക്വാട്ടയിൽ ഉൾപ്പെട്ടിട്ടുള്ള യോഗ്യരായ എല്ലാവരും ഹാജരാകേണ്ടതാണ് |
| | ഉച്ചയ്ക്ക് 2 മണിമുതൽ 5 മണിവരെ | റാങ്ക് 76 മുതൽ 200 വരെയും പട്ടികജാതി (എസ്.സി.) വിഭാഗം റാങ്ക് നമ്പർ 1000 വരെയും പട്ടികവർഗ്ഗ (എസ്.ററി.) വിഭാഗത്തിൽപ്പെട്ട റാങ്ക് ലിസ്റ്റിൽ ഉള്ള എല്ലാപേരും ഹാജരാകേണ്ടതാണ്. |
| 15.9.2015 | രാവിലെ 10 മണിമുതൽ ഉച്ചയ്ക്ക് 1 മണിവരെ | റാങ്ക് ലിസ്റ്റ് 201 മുതൽ 400 വരെ ഉൾപ്പെട്ടിട്ടുള്ളവർ ഹാജരാകേണ്ടതാണ്. |
| | ഉച്ചയ്ക്ക് 2 മണിമുതൽ 5 മണിവരെ | റാങ്ക് ലിസ്റ്റ് 401 മുതൽ റാങ്ക് ലിസ്റ്റിൽ 500 വരെ ഉൾപ്പെട്ടിട്ടുള്ള എല്ലാപേരും ഹാജരാകേണ്ടതാണ്. |
| 16.9.2016 | രാവിലെ 10 മണി മുതൽ | റാങ്ക് 500ന് മുകളിലുള്ള എല്ലാപേരും ഹാജരാകേണ്ടതാണ്. |

പ്രവേശന പരീക്ഷ കമ്മിഷണറുടെ റാങ്കിന്റെ അടിസ്ഥാനത്തിലും സീററുകളുടെ ലഭ്യത അനുസരിച്ചും അഡ്മിഷൻ ലഭിക്കുന്നതാണ്. വിദ്യാർത്ഥികൾ നേരിട്ടോ, അധികാരപ്പെടുത്തിയ വ്യക്തി മുഖേനയോ ഇന്റർവ്യൂവിന് ഹാജരാകാം. അധികാരപ്പെടുത്തിയ വ്യക്തി മുഖേന ഹാജരാകുന്നവർ അതിലേക്കായി അധികാരപത്രം പൂരിപ്പിച്ച് നൽകേണ്ടതാണ് (മാതൃക പ്രോസ്പെക്ടസിൽ നൽകിയിട്ടുണ്ട്). അപേക്ഷകർ പ്രവേശന പരീക്ഷയുടെ അഡ്മിററ് കാർഡും, സർട്ടിഫിക്കററുകളുടെ

അസ്സലും ,സർട്ടിഫിക്കറ്റുകളുടെ ഫോട്ടോസ്റ്റാററ് പകർപ്പും ഹാജരാക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അന്നേ ദിവസം തന്നെ ഫീസ് അടയ്ക്കേണ്ടതാണ്.

ആദ്യ ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ സെപ്ററംബർ മാസം 18-ാം തീയതി അതാതു കോളേജുകളിൽ 5 മണിയ്ക്ക് മുമ്പേ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ആദ്യഘട്ട അലോട്ട്മെന്റിൽ പങ്കെടുക്കാത്ത വിദ്യാർത്ഥികളെ തുടർന്നുള്ള അലോട്ട്മെന്റ് പ്രക്രിയയിൽ പങ്കെടുപ്പിക്കുന്നതല്ല.

സീററുകളുടെ ലഭ്യത, കോളേജ് തുടങ്ങിയ വിവരങ്ങൾ വെബ്സൈററിൽ യഥാസമയം പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിശദവിവരങ്ങൾക്ക് www.dme.kerala.gov.in എന്ന വെബ്സൈററ് സന്ദർശിക്കുക.

ഡയറക്ടർക്കുവേണ്ടി

പകർപ്പ്:

1. ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്
2. ന്യൂസ് എഡിററർ, ആകാശവാണി/ദൂരദർശൻ, തിരുവനന്തപുരം/കോഴിക്കോട്
3. പ്രിൻസിപ്പാൾ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം/ആലപ്പുഴ/കോട്ടയം/തൃശൂർ/കോഴിക്കോട്
4. ഡി.എം.ഇ.യുടെ സി.എ/ജെ.ഡി.എം.ഇ (എം)/ജി എന്നിവരുടെ സി.എ.മാർക്ക്
5. സർജന്റ്/ഓഫീസ് കോപ്പി/നോട്ടീസ് ബോർഡ്/സ്റ്റോക്ക് ഫയൽ